
• അനുഭവക്കുറിപ്പ്



ഫോട്ടോ : അശോകൻ, കോഴിക്കോട്

സിംഗൂരിലെ ഫലഭൂയിഷ്ടമായ കൃഷിയിടം. സർക്കാർ ഏറ്റെടുത്ത് ടാറ്റ മോട്ടേഴ്സ് മതിൽക്കെട്ടിയിരിക്കുന്നു.

# ബംഗാളിൽനിന്നുള്ള പാഠങ്ങൾ


അഡ്വ. ആശ. ആർ.കെ.

**നന്ദിഗ്രാം, സിംഗൂർ,... പ്രത്യേക സാമ്പത്തിക മേഖലയ്ക്കെതിരെയുള്ള സമരങ്ങളാൽ, സംഘർഷങ്ങളാൽ ലോകമെങ്ങും അറിയപ്പെടുന്ന ഈ പ്രദേശങ്ങൾ ഈയിടെ സന്ദർശിച്ച പഠനസംഘത്തിലെ അംഗം അഡ്വ. ആശ എഴുതുന്ന അനുഭവക്കുറിപ്പുകൾ. കേരളത്തിൽ പന്ത്രണ്ട് പ്രത്യേക സാമ്പത്തിക മേഖലകളാണ് വന്നുകൊണ്ടിരിക്കുന്നത്. കൊച്ചിയിൽ തന്നെ അഞ്ചെണ്ണം. ഇടതുപക്ഷ കേരളവും ബംഗാളും എങ്ങിനെയാണ് പാവപ്പെട്ടവർക്ക് അപ്രാപ്യമായിക്കൊണ്ടിരിക്കുന്നതെന്ന്, ഭരണകൂട ഭീകരത എത്രമാത്രം ക്രൂരമെന്ന്, മൂലധനത്തിന്റെ താല്പര്യത്തിനുവേണ്ടി കൃഷിയെയും തൊഴിലാളികളെയും കയ്യൊഴിയുന്നതെന്ന് നമ്മൾ തൊട്ടറിയാൻ പോകുന്നു.**

**ബംഗാൾ,** എത്ര മോഹനസുന്ദരമായ പദമായാണ് ഞാൻ അതിനെ ഉൾക്കൊണ്ടിരുന്നത്. നവോത്ഥാനത്തിന്റെ മാറ്റൊലികൾ അവിടെനിന്നും തുടങ്ങിയതുകൊണ്ട് മാത്രമല്ല, നക്സൽബാരിയുടെ വിപ്ലവവീര്യം കൂടി അവിടെ ഉണ്ടായിരുന്നു എന്നതിനാലുമാവാം. റാംമോഹൻ റായിയുടെയും ടാഗോറിന്റെയും വിവേകാനന്ദന്റെയും സത്യജിത്ത്റായിയുടെയും ആശാപൂർണ്ണാദേവിയുടെയും മഹാശ്വേതാദേവിയുടെയും ഒക്കെ നാടായ ബംഗാൾ എന്റെ സങ്കൽപ്പഭൂമികയായിരുന്നു.

എന്നാൽ ഹൗറ എക്സ്പ്രസ്സ് ഒറീസ കടന്ന് ഖോരഗ്പൂരിലേക്ക് പ്രവേശിച്ച് ബംഗാളിൽ എത്തിയെന്ന് അറിഞ്ഞപ്പോൾ മുതൽ പ്രതീക്ഷയുടെ ചീട്ടുകൊട്ടാരം തകർന്നടിയാൻ തുടങ്ങി. മുപ്പതു വർഷത്തെ ഇടതുഭരണത്തിന്റെ തിരുശേഷിപ്പുകൾ ഞങ്ങൾ അവിടെ കണ്ടു. വളരെ സുന്ദരമായ വിശാലമായ കൃഷിയിടങ്ങൾ ബംഗാളിൽ ഉണ്ട്. എന്നാൽ അതിന്റെ ഓരങ്ങളിൽ കൂട്ടം കൂട്ടമായി കർഷകർ താമസിക്കുന്നത് ഇന്നും മണ്ണും മുളയും ചേർത്ത് ഉണ്ടാക്കിയ കുടിലുകളിലാണ്. അവരുടെ വസ്ത്രങ്ങൾ കേരളത്തിലെ ഭിക്ഷക്കാർപോലും ധരിക്കാൻ മടിക്കുന്നവ. ചുറ്റിലും പച്ചനിറത്തിലുള്ള ജലാശയങ്ങൾ നിറഞ്ഞുകിടന്നിട്ടും അവരുടെ കുട്ടികൾ വൃത്തിഹീനമായി നടക്കുന്നു. അവരുടെ വീടുകൾ ചാണകവറളികൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവരുടെ മുഖത്ത് സംശയത്തിന്റെയും ഭയപ്പാടിന്റെയും ആകുലതകൾ. അവരിലെ പുരുഷന്മാർ നിരാശനിറഞ്ഞ മുഖം കൂടുതൽ കൂടുതൽ താഴേക്ക് തൂക്കിയിടുവാൻ മത്സരിക്കുന്നു. സുന്ദരമായ ബംഗാളി സ്ത്രീകൾ അപമാനത്തിന്റെ വ്രണിതമുഖങ്ങൾ തങ്ങളുടെ ചേലയുടെ അറ്റം വലിച്ചിട്ട് മറയ്ക്കുന്നു. എങ്കിലും അവരുടെ കണ്ണുകളിൽ പ്രതിഷേധത്തിന്റെ തീപ്പൊരികൾ എരിയുന്നു. അവരുടെ വാക്കുകൾ കത്തുന്ന സൂര്യനേക്കാൾ ചുടുവർഷിക്കുന്നു. അവർ പറയുന്നത് അവരുടെ നേരെ നടന്ന നരനായാട്ടിന്റെ, യുദ്ധത്തിന്റെ ഭരണകൂട അതിക്രമത്തിന്റെ ഫാസിസ്റ്റ് ഭീകരതയുടെ തേർവാഴ്ചകളെ കുറിച്ചാണ്.

കൽക്കത്തയിൽ എത്തിയതിനു പിറ്റേന്ന് തന്നെ നന്ദിഗ്രാമിലേക്ക് പോകുവാൻ വേണ്ട വാഹനം ഞങ്ങൾക്കായി തയ്യാറായിരുന്നു. എന്നാൽ ഞങ്ങൾ എത്തിയ രാത്രിയിൽ തന്നെയറിയുന്നു നന്ദിഗ്രാമിൽ സംഘർഷം തുടരുന്നുവെന്നും ആയതിനാൽ തന്നെ ഡ്രൈവർ വാഹനം എടുക്കുവാൻ തയ്യാറല്ല എന്നും. അതിനാൽ ഞങ്ങൾ പിറ്റേന്ന് സിംഗൂരിലേക്കാണ് പോയത്. സിംഗൂരിലെ കൃഷിയിടങ്ങൾ സർക്കാർ ടാറ്റയുടെ ചെറുകാർ നിർമ്മാണ ഫാക്ടറിക്ക് വേണ്ടി ഏറ്റെടുത്തു കഴിഞ്ഞിരുന്നു. അവിടത്തെ ജനങ്ങൾ ഈ ഏറ്റെടുക്കലിനെതിരെ ശക്തമായി തന്നെ പ്രതിഷേധിച്ചിരുന്നു. പഞ്ചായത്ത് കമ്മിറ്റികൾപോലും ഇതിനെതിരെ പ്രമേയം പാസ്സാക്കി ഗവൺമെന്റിന് അയച്ചിരുന്നു. എന്നിട്ടും ലാന്റ് അക്വിസിഷൻ ആക്ട് ഉപയോഗിച്ച് 90%ലേറെ ഭൂമി ടാറ്റയ്ക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തിരുന്നു. ടാറ്റയുടെ മതിൽ ഞങ്ങൾ കണ്ടു. ഉയർത്തി കെട്ടിയ മതിലിനപ്പുറം ജെ.സി.ബി കണ്ടു. അവിടെ എന്തൊക്കെയോ പണികൾ ത്വരിതമായി നടക്കു



സർക്കാർ ഭൂമി കയ്യേറ്റത്തിനെതിരെ സിംഗൂരിലെ പ്രതിഷേധ ജാഥ



ബലാത്സംഗത്തിനരയാക്കി കൊലചെയ്യപ്പെട്ട തപൂസി മാലിക്കിന്റെ അമ്മ

ഫോട്ടോ : അശോകൻ, കോഴിക്കോട്

ന്നു. അവിടേക്കുള്ള കാഴ്ച മതിൽ മറച്ചിരുന്നു, കൂടെ പോലീസുകാരും. ഇപ്പുറത്തുള്ള വയലിൽ പലയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നു. ഉരുളക്കിഴങ്ങും മുളകും ഇലക്കറികളും നെല്ലും ചണവും അങ്ങിനെ ഒട്ടേറെ പച്ചക്കറികളും ധാന്യങ്ങളും കൃഷി ചെയ്തതിന്റെ അടയാളങ്ങളും ചെയ്തുകൊണ്ടിരിക്കുന്നതും കാണാമായിരുന്നു. കാർഷിക സമ്പന്നത ഓരോ വീടുകളിലെ അറപ്പുരകളിലേയും കളത്തിലേയും ധാന്യ കൂമ്പാരങ്ങൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. ആ ഗ്രാമത്തിനെ ചുറ്റുന്ന ഒരു നദിയും ധാരാളം കുളങ്ങളും എല്ലാം അവിടത്തെ ജലസമൃദ്ധിയും കാണിച്ചുതന്നു. ഈ കൃഷിയിടങ്ങളേയും ഗ്രാമപ്രദേശങ്ങളേയുമാണ് തരിശു നിലങ്ങളായും ഒറ്റവിള കൃഷിയിടങ്ങളായും സർക്കാർ കണ്ടത്. 90% ഏറ്റെടുത്ത ഭൂമിയിടപാടിൽ ജനങ്ങൾക്ക് പ്രശ്നമില്ല എന്നും 70% പേർക്ക് വേണ്ട നഷ്ടപരിഹാരം നൽകിയെന്നുമാണ് സർക്കാർ ഭാഷ്യം. എന്നാൽ ടാറ്റയുടെ മതിലിനു ചുറ്റും നൂറുകണക്കിന് പോലീസുകാർ കാവൽ നിൽക്കുന്നു. സ്വയമേവ ഭൂമി വിട്ടുകൊടുത്തു എന്നു പറയുന്നവരും അല്ലാത്തവരും തമ്മിലുള്ള തർക്കം നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഞങ്ങൾ (ഡോ. പി. ഗീത, ഡോ. പവിത്രൻ, പി. സുന്ദർരാജൻ, അശോകൻ, ഷനിൽ) സിംഗൂരിലെ ബാജിമേലിയയിൽ എത്തുന്നത്. ഞങ്ങൾ കേരളത്തിൽ നിന്നാണ്, ഭൂമി ഏറ്റെടുക്കൽ പ്രശ്നത്തെ കുറിച്ചറിയാൻ എത്തിയവരാണെന്ന് അറിയിച്ചപ്പോൾ ധാരാളം ഗ്രാമീണർ ഞങ്ങൾക്ക് ചുറ്റും കൂടി. അവരുടെ ഭൂമി എങ്ങനെ സർക്കാർ തട്ടിയെടുത്തതും പ്രതിഷേധിച്ചവരെ പോലീസിനെ കൊണ്ട് നേരിട്ടതും അതിനെല്ലാം സിപിഎമ്മുകാർ ഒത്താശ ചെയ്യുന്നുവെന്നും അവർ വിവരിച്ചു. അവർ നൽകിയ വിവരങ്ങൾ ഇങ്ങനെയാണ്.

2006 മെയ് 18-ാം തിയ്യതി വെസ്റ്റ് ബംഗാൾ ഗവൺമെന്റ് അധികാരമേറ്റ് ആദ്യമായി കൈകാര്യം ചെയ്ത ഫയൽ തന്നെ ടാറ്റ മോട്ടേഴ്സിന് വേണ്ടി ഭൂമി ഏറ്റെടുക്കലിന്റെ നടപടികൾ കൈക്കൊള്ളുന്നതായിരുന്നുവത്രേ. മെയ് 25ന് ബിഡിഒവിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാർ ജനങ്ങൾക്ക് നോട്ടീസ് നൽകുവാൻ ശ്രമിച്ചുവെങ്കിലും ജനങ്ങൾ നോട്ടീസ് കൈപറ്റിയില്ല. കൃഷി സമിൻ രക്ഷാ റോക്കോ കമ്മിറ്റി രൂപീകരിച്ചു. പ്രാദേശിക എസ്.യു.സി.ഐയുടെയും തൃണമൂലിന്റെയും നേതാക്കൾ കൺവീനറും ജോയിന്റ് കൺവീനറുമായി ജൂണിൽ ഭൂമി അക്വയർ ചെയ്യാൻ തുടങ്ങി. സെപ്റ്റംബറിൽ പ്രക്ഷോഭം തുടങ്ങി. പ്രക്ഷോഭകാരികളെ പോലീസ് പ്രതിരോധിച്ചു. രാജ്കുമാർ, ബൂൽ തുടങ്ങിയ പ്രതിഷേധക്കാരെ കാണാതാകുന്നു. പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടു എന്നാണ് ജനങ്ങൾ പറയുന്നത്. ഹൈക്കോടതിയിൽ കേസ് കൊടുത്തതിന്റെ പേരിൽ സെപ്റ്റംബർ 25-ന് പോലീസും സിപിഎം കാഡർമാരും വീടുവീടാന്തരം കയറിയിറങ്ങി ജനങ്ങളെ പേടിപ്പിക്കുന്നു. സ്ത്രീകളെപ്പോലും പീഡിപ്പിക്കുന്നു. സെപ്റ്റംബർ 25ന് രാത്രി 1 മണിക്കാണ് പോലീസ് വീടുകളിൽ കയറിയിറങ്ങി 200ലേറെ സ്ത്രീകളെ അപമാനിച്ചത്.

ഡിസംബർ 18ന് നടന്ന മറ്റൊരു പോലീസ് അതിക്രമത്തിനിടയിൽ തപൂസി മാലി എന്ന 18 വയസ്സുള്ള പെൺകുട്ടിയെ ബലാത്സംഗം ചെയ്ത് കൊന്ന് കത്തിച്ചുകളഞ്ഞു. അവർ സജീവ പ്രവർത്തകയായിരുന്നു. പ്രതിയെ ഇനിയും അറസ്റ്റ് ചെയ്തിട്ടില്ല.

1000 ഏക്കറോളം ഭൂമിയാണ് ടാറ്റ മോട്ടേഴ്സിനുവേണ്ടി അക്വയർ ചെയ്യുന്നത്. അതിൽ 600 ഏക്കറിലേറെ ഭൂമി വിട്ടുകൊടുക്കാൻ ജനങ്ങൾ തയ്യാറല്ല. 400 ഏക്കർ വിട്ടുകൊടുത്തവർക്കുതന്നെ ഇനിയും നഷ്ടപരിഹാരം കിട്ടിയിട്ടില്ല. സിംഗൂരിലെ ബാജിമേലിയ, കശേർബേരി, ബേരബേരി, പൂർവ്വാപാഡ തുടങ്ങി ഒമ്പതോളം ഗ്രാമങ്ങൾ പ്രശ്നബാധിതമാണ്. ഇതിലെ ഭൂരിപക്ഷം ജനങ്ങളും സിപിഐ(എം) അനുഭാവികളും സിപിഎമ്മിനുവേണ്ടി വോട്ട് ചെയ്തവരുമാണെന്ന് സമ്മതിക്കുന്നു. ഇന്നവർ സിപിഎമ്മിനെ തെമ്മാടികൾ എന്നാണ് വിളിക്കുന്നത്. "സിപിഐ(എം) ആർ ചീറ്റേഴ്സ്, ഹമേ സമീൻ ചാഹിയേ, പൈസാ ന ചാഹിയേ'' (സിപിഐഎമ്മുകാർ വഞ്ചകരാണെന്നും, ഞങ്ങൾക്ക് ഭൂമി മതിയെന്നും പകരം പണം വേണ്ടെന്നും) അവർ ഒരേ സ്വരത്തിൽ പറഞ്ഞു. 90% ഭൂമി അക്വയർ ചെയ്തതിൽ 30% മാത്രമാണ് സ്വയമേവ നൽകിയത്. 70%വും ഒരു മുന്നറിയിപ്പും ഇല്ലാതെ ബലം പ്രയോഗിച്ച് തട്ടിയെടുത്തതാണ് എന്നാണവർ പറയുന്നത്.

ബംഗാളിലെ ഭൂസമ്പ്രദായത്തിലെ അവ്യക്തതയും പാളിച്ചകളുമാണ് ഇന്ന് സർക്കാരിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വ്യാജമായ സംഗതികൾ വസ്തുതാപരമാണ് എന്ന നാട്യത്തിൽ പറയാൻ സഹായിച്ചത്. സിംഗൂർ അടക്കമുള്ള ബംഗാളിലെ കൃഷിയിടങ്ങളുടെ സെമീന്ദാർമാർ ഭൂരിഭാഗവും സ്ഥലത്ത് താമസിക്കാത്തവരും പട്ടണങ്ങളിലേക്ക് ചേക്കേറിയവരുമാണ്. ഈ സെമീന്ദാറുകളുടെ ഒപ്പം പങ്കു പാട്ടക്കാർ (ഷെയർ ഹോൾഡേഴ്സ്) കൂടിയുണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് അർഹരായവർ (ഇവരാണ്



സംഘാംഗങ്ങൾ കർഷകരുമായി സംസാരിക്കുന്നു

ബർഗാദാറുകൾ). സെമീന്ദാറുകളും ബർഗാദാറുകളും ചേർന്ന് ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൃഷിയിറക്കുന്നത് ബർഗാർദാർമാർതന്നെയാണ്. രണ്ടിൽ മൂന്ന് ശതമാനം പങ്ക് പാട്ടത്തിന് വേണ്ടിയുള്ള തേഭാഗാ സമരത്തിലൂടെയാണ് അവർ തങ്ങളുടെ ഭൂമിയിൽ അവകാശം വേണ്ടിയെടുക്കുന്നത്. ഇതിൽ തന്നെ റെക്കോർഡ് ചെയ്തവയും അല്ലാത്തവയും ആയ ബർഗാദാർമാർ എന്ന പ്രശ്നംകൂടിയുണ്ട് (ഓപ്പറേഷൻ ബർഗ). സെമീന്ദാർമാർ (പട്ടണവാസികൾ) ആണ് സ്ഥലം വിൽക്കാൻ തയ്യാറാവുന്നത്. പങ്ക്പാട്ടകാരായ ബർഗാർദാർമാരെയും അതിൽ പണിയെടുക്കുന്ന ഭൂരഹിത കൃഷി തൊഴിലാളികളും അറിയുന്നില്ല തങ്ങളുടെ കൃഷിയിടങ്ങൾ ആർക്ക് വിൽക്കുന്നുവെന്ന്. ആയതിനാൽ മണ്ണിൽ പണിയെടുക്കുന്ന യഥാർത്ഥ കർഷകർ അറിയാതെയാണ് തത്വത്തിൽ സർക്കാർ ഈ ഏറ്റെടുക്കൽ നടത്തുന്നത്. ആയതിനാൽ തന്നെയാണ് കർഷകർ തങ്ങളെ ഗവൺമെന്റ് ചതിച്ചുവെന്നും പറയുന്നത്. പക്ഷേ ഈ ചതിയ്ക്ക് വലിയൊരു ചരിത്ര പശ്ചാത്തലമുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണത്തിൽനിന്നും പാഠമുൾക്കൊണ്ട് നടത്തിയ ബംഗാൾ ഭൂപരിഷ്കരണത്തിന്റെ യഥാർത്ഥ ചിത്രം കർഷകരെ അങ്ങേയറ്റം ചതിക്കുന്നതും ഫ്യൂഡൽ വ്യവസ്ഥയെ അങ്ങനെതന്നെ നിലനിറുത്തിയുമാണെന്ന് വെളിപ്പെടുന്നു.

സിംഗൂരിലെ സമരം തുടർന്നുകൊണ്ടേയിരിക്കുന്നു. ഞങ്ങൾ തിരികെ പോരുമ്പോൾ സ്ത്രീകളെയും കുട്ടികളുടെയും വമ്പിച്ച ജാഥ അവിടെ നടക്കുന്നുണ്ടായിരുന്നു. എങ്കിലും സമരനേതൃത്വത്തിൽ തൃണമൂലും എസ്.യു.സി.ഐ.യുമാണ് എന്നതിനാൽ അവസരവാദപരമായ ഒരു ഒത്തുതീർപ്പിൽ, നഷ്ടപരിഹാരത്തിലൂന്നി സമരം കയ്യൊഴിഞ്ഞെക്കാമെന്ന് കർഷകരിൽ പലരും ആശങ്കപ്പെടുന്നു. ഈ സിംഗൂർ പാഠത്തിൽ നിന്നാണ് നമ്മൾ നന്ദിഗ്രാമിലേക്ക് നോക്കേണ്ടത്.

*(തുടരും)*

*ബ്യൂട്ടി ബിൽഡിംഗ്, അയ്യന്തോൾ, തൃശൂർ-3.*
*ഫോൺ : 9447441996. ashaunnithan@gmail.com*




കാർട്ടൂൺ : വി.എസ്. ഗിരീശൻ

## വിവരാവകാശം – കൂട്ടായ്മ

വിവരാവകാശ നിയമം അനുസരിച്ച് വിവിധ സർക്കാർ സംവിധാനങ്ങളിൽനിന്ന് ജനങ്ങൾക്കാവശ്യമായ വിവരങ്ങൾ ശേഖരിച്ച് സമൂഹത്തിന് ഗുണകരമായ പ്രവർത്തനത്തിലേർപ്പെടുന്നവരുടെ ഒരു യോഗം **മെയ് 27 ഞായർ 11 മണിക്ക് കോട്ടയ്ക്കൽ ഗവ. എൽ.പി. സ്കൂളിൽ** ചേരുന്നു.

ബന്ധപ്പെടുക
കളം രാജൻ 9446769476